

# മതസ്വത്വം, ആത്മീയത ബഷീറിയൻ പ്രപഞ്ചത്തിൽ

പഠനം

പി.എ നാസിമുദ്ദീൻ

**മലയാള** സാഹിത്യം ഇതുവരെ നേടിയിട്ടുള്ള ഔന്നത്യത്തിന്റെ പേരുകളിലൊന്നാണ് വൈക്കം മുഹമ്മദ് ബഷീർ. ചെറുശ്ശേരി, എഴുത്തച്ഛൻ എന്നിവരിൽനിന്നും കുമാരനാശാനിലൂടെയും, ഒ.വി വിജയനിലൂടെയും, വി.കെ.എന്നിലൂടെയും പുതുമുറക്കാരിൽവരെ വന്നെത്തുന്ന സാഹിത്യ ചരിത്രത്തിൽ ബഷീറിനോളം വലുപ്പമുള്ളവർ ആരുമില്ലെന്ന് ചിലരെങ്കിലും വാദിച്ചേക്കാം. നവോത്ഥാന സാഹിത്യനിരയിൽ എഴുതി, ആധുനികരുടെ ഗുരുവും ഇഷ്ടനായകനുമായി ഉത്തരാധുനികർക്ക് തീരാത്ത പാഠങ്ങളും സാംസ്കാരിക നിർമിതികളും നൽകുന്ന ബഷീറിനെക്കുറിച്ച്, മരിച്ച് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഡസൻ കണക്കിന് പുസ്തകങ്ങൾ മലയാള ഭാഷയിലിറങ്ങുന്നു. ഒട്ടേറെ ഭാഷകളിലേക്ക് ബഷീറിന്റെ കൃതികൾ ഭാഷാന്തരം ചെയ്യപ്പെടുകയും നോബൽ സമ്മാനത്തിനുപോലും ശിപാർശ ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു.

നവോത്ഥാന തലമുറയിലാണ് ബഷീർ രംഗപ്രവേശം നടത്തിയതെങ്കിലും, ആ തലമുറയിൽ ചിരപ്രതിഷ്ഠ നേടിയ പുരോഗമന കലാപ്രസ്ഥാനക്കാരായ തകഴി ശിവശങ്കരപിള്ള, കേശവദേവ്, പൊൻകുന്നം വർക്കി എന്നിവരെ പോലെ ഭൗതിക വാദത്തിലും തൊഴിലാളി വർഗ ചിന്തകളിലും അധിഷ്ഠിതമായ ജീവിത ദർശനമായിരുന്നില്ല ബഷീറിന്റേത്. അവരെ പോലെ സമൂഹത്തിലെ കീഴാള വർഗങ്ങളെയും സാധാരണക്കാരെയുമാണ് ബഷീർ തന്റെ സൃഷ്ടികളിൽ കഥാപാത്രമാക്കിയതെങ്കിലും, അവരിൽ പ്രകടമാകുന്ന ശാസ്ത്രബോധത്തിലധിഷ്ഠിതമായ സാമൂഹിക പുരോഗതിയുടെ സ്വപ്നങ്ങളോ യുക്തിചിന്തയിലധിഷ്ഠിതമായ കീഴാള വർഗങ്ങളുടെ വിപ്ലവദാഹങ്ങളോ ബഷീർ കൃതികളിൽ കാണുന്നില്ല. പകരം കാരുണ്യവും സ്നേഹവും പകർന്നൊഴുകുന്ന അജ്ഞേയമായ ഏതോ പ്രപഞ്ച ചൈതന്യത്തിന്റെ സാന്നിധ്യം ആ ജീവിത രംഗങ്ങളിലെല്ലാം വ്യാപിച്ചു കിടക്കുന്നു.

പോസ്റ്റ് മോഡേൺ കാലത്തെയും കവച്ചുവെക്കുന്ന അനശ്വരതയുടെ പ്രഭാവം വെളിവാക്കുന്ന ഈ അതിനൂതന ഭാവുകത്വത്തിന് ഈശ്വരോന്മുഖമായ ആത്മീയതയുമായി ആഴത്തിൽ ബന്ധമുണ്ട്. ആധുനികത, ഉത്തരാധുനികത തുടങ്ങിയ ആശയ സംഹിതകളിലേക്ക് നീണ്ടുനിൽക്കുന്ന അദ്ദേഹത്തിന്റെ ചില്ലകൾക്ക് പഴഞ്ചനെന്ന്

ആക്ഷേപിക്കപ്പെടുന്ന മതചിന്തകളിലും വേരുണ്ടായിരുന്നു.

ബഷീറിന്റെ തന്നെ വാക്കുകളിൽ:

"ഇതൊക്കെ എങ്ങനെയുണ്ടായി എന്ന് ചിന്തിക്കുമ്പോഴാണ് ഒരു കാരണത്തെപറ്റി ഓർമവരുന്നത്. പ്രപഞ്ചങ്ങളുടെ ചൈതന്യം. വെളിച്ചം. ഇതിനെയാണ് ഞാൻ ദൈവമെന്ന് പറയുന്നത്. ഇതാകുന്നു അല്ലാഹു. ഇതാകുന്നു ആദിബ്രഹ്മം. ഇതാകുന്നു സനാതന സത്വം" (*ബഷീർ സംഭാഷണങ്ങൾ*, പേജ് 106).

"അക്കാലത്ത് എന്റെ ഹിന്ദു സുഹൃത്തുക്കൾ വൈക്കം ശിവക്ഷേത്രത്തിൽ അഷ്ടമി ഉത്സവത്തിനു വരുന്ന പുസ്തക കച്ചവടക്കാരിൽനിന്ന് ഒരു മലയാള നോവൽ എടുത്ത് പകൽ നാലുമണിക്ക് എനിക്ക് തരും. മുഷിയാതെ, കഴിയുന്നത്രവേഗം തിരിച്ചുകൊടുക്കണം. പിന്നീട് വീട്ടിലേക്ക് ഒരു ഓട്ടമാണ്. വീട്ടിൽ ചെന്ന് നോവൽ വായിക്കും. ഇങ്ങനെ വായിച്ച മലയാളം നോവലുകളിൽനിന്ന് ഒരു സത്യം മനസ്സിലായി. ഞാൻ അന്നുകണ്ട ക്രൂരസത്യം എന്താണെന്നല്ലേ? മുസ്‌ലിം സമുദായം കള്ളന്മാരുടെയും കൊലപാതകികളുടെയും നീചന്മാരുടെയും സമൂഹമാണ്.

അക്കാലത്ത് എന്റെ അന്തരാത്മാവിൽ ഒരു ചിന്ത ഉദിച്ചു. മുസ്‌ലിം സമുദായത്തിൽ എന്തുകൊണ്ടാരും എഴുത്തുകാരായി തീരുന്നില്ല'' (*ബഷീർ: ഞാനെങ്ങനെ എഴുത്തുകാരനായി*).

ബഷീർ കൃതികളിൽ മതത്തിന്റെയും ആത്മീയതയുടെയും ഏതെല്ലാം സത്വ സ്വരൂപങ്ങളാണ് നമുക്ക് കണ്ടെത്താനാവുക എന്ന വിനീതമായ ഒരന്വേഷണമാണ് ഈ ലേഖനം.

## ബഷീർ ചരിത്രത്തിൽ ഇടപെട്ട വിധം

കേരളം ഒരു ആധുനിക ദേശരാഷ്ട്രമെന്ന നിലയിൽ രൂപംകൊള്ളുന്ന കാലത്താണ് ബഷീർ സർഗസപര്യ നടത്തുന്നത്. ഫ്യൂഡൽ കാലത്ത് ദേവസ്വം, ബ്രഹ്മസ്വം സ്വത്തുക്കളിലൂടെ ഭൗതിക-സാമ്പത്തികാധികാരവും വർണാശ്രമങ്ങളിലൂടെയും ജാതിവ്യവസ്ഥകളിലൂടെയും ബൗദ്ധികാധികാരവും കൈയടക്കിവെച്ചിരുന്ന സവർണരായിരുന്നു മലയാള സാഹിത്യത്തിന്റെ കുത്തക ഏറ്റെടുത്തിരുന്നത്.

തളി പാരമ്പര്യം എന്നു പേരിട്ടു വിളിക്കുന്നത് സംസ്കൃത പാരമ്പര്യത്തിൽ പെട്ട ഈ ക്ഷേത്ര സംസ്കാരത്തെയാണ്. ഈ സംസ്കാരത്തിനുള്ളിൽ പുരോഹിതരായ ബ്രാഹ്മണരും രാജാധികാരത്തിന്റെ പ്രതിനിധികളും ഒത്തുചേരുകയും ഭക്തിപ്രധാനങ്ങളായ മഹാകാവ്യങ്ങൾ, പുരാണ വ്യാഖ്യാനങ്ങൾ, കഥകളി, മോഹിനിയാട്ടം മുതലായ സൗന്ദര്യ രചനകൾ ഹിന്ദു മിഥോളജികളെ പുരസ്കരിച്ച് ആവിഷ്കരിക്കുകയും ചെയ്തുകൊണ്ടിരുന്നു.

തികച്ചും സവർണവും ബ്രാഹ്മണാധിഷ്ഠിതവുമായ ഈ സാംസ്കാരിക ധാരയാണ് അറിവിന്റെയും സാഹിത്യത്തിന്റെയും അധികാര സ്രോതസ്സായി പിന്നീട് മലയാള സാഹിത്യത്തിൽ ലബ്ധപ്രതിഷ്ഠ നേടിയത്. എന്നാൽ കീഴാളരും അധഃസ്ഥിതരുമായ ജനങ്ങളാവട്ടെ കാവ് സംസ്കാരം എന്ന് വിളിക്കപ്പെടുന്ന ജനകീയ ഇടങ്ങളിലൂടെ നാടൻകലകളും പാട്ടു സാഹിത്യവും ആവിഷ്കരിച്ചുപോന്നു. ഇതിനപ്പുറത്തുള്ള മറ്റ് സമുദായങ്ങളുടെ കലകളും കാവ് സംസ്കാരംപോലെ പ്രാന്തവൽക്കരിക്കപ്പെട്ട ഒരു സാമുദായിക ഇടമായിരുന്നു. മാപ്പിളപ്പാട്ട്, കോൽക്കളി മുതലായ നാടൻ കലാരൂപങ്ങളും മുസ്‌ലിം കവികളുടെ രചനകളും പ്രാന്തവൽകൃത രൂപങ്ങളായി അവരുടെ സമുദായത്തിൽത്തന്നെ നിലനിന്നു. അറബി മലയാളമായിരുന്നു ഈ കാവ്യങ്ങളിലെ വരമൊഴി. പേർഷ്യനും തമിഴുമൊക്കെ അറബി മലയാളത്തോടൊപ്പം ഇഴചേർന്നിരുന്നു. മോയിൻകുട്ടി വൈദ്യരും ഖാദി മുഹമ്മദുമൊക്കെ ഇത്തരം രീതിയിൽ പ്രാന്തീയ കാവ്യപ്രസ്ഥാനങ്ങൾ നയിച്ചവരായിരുന്നു.

ഇത്തരം ബഹുസ്വരതകളും വൈവിധ്യങ്ങളും മലയാള സാഹിത്യ പാരമ്പര്യത്തിനുണ്ടെന്ന് വാദിക്കാൻ കഴിയുമെങ്കിലും സവർണരുടെ സംസ്കൃത പാരമ്പര്യവും ഹൈന്ദവ മിഥോളജിയിലെ വാങ്മയസൂചനകളും ഉൾക്കൊണ്ട് ഹൈന്ദവ സംസ്കാരത്തിന്റെ ഒരു ഉപോൽപന്നമെന്ന നിലയിലാണ് മലയാള സാഹിത്യവും ഭാഷയും വളർന്നത്. മലയാള ഭാഷതന്നെ സവർണരായ നമ്പൂതിരിമാർ അവർണരായ കീഴ്ജാതിക്കാരോട് സംവദിച്ചതിന്റെ ഭാഗമായി ഉണ്ടായതാണെന്നുപോലും വിവക്ഷിക്കപ്പെട്ടിട്ടുണ്ടല്ലോ (*കേരളത്തിന്റെ സാംസ്കാരിക ചരിത്രം*, പി.കെ ഗോപാലകൃഷ്ണൻ). മലയാള ഭാഷയുടെ വേരുകൾ യഥാർഥത്തിൽ ചെന്തമിഴിൽ ആണ് ആഴ്ന്നിരിക്കുന്നതെങ്കിലും അതിന്റെ ഭാഷാ സ്മൃതികളിൽ ഇപ്പോഴും ചൂഴ്ന്നു നിൽക്കുന്നത് ഹൈന്ദവ മിഥോളജിയുടെ വാങ്മയങ്ങളും പ്രതീകങ്ങളുമാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധം മുതൽക്ക് കേരളം ഒരു ആധുനിക സ്റ്റേറ്റ് എന്ന നിലക്ക് രൂപം കൊണ്ടുവരുന്നതോടുകൂടിയാണ് കേരളത്തിൽ ബഹുസാംസ്കാരികമായ ഒരു പൊതുമണ്ഡലം രൂപംകൊള്ളുന്നതും മറ്റു സമുദായങ്ങൾക്ക് സാമൂഹിക-സാംസ്കാരിക രംഗത്ത് അവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നതും. ബ്രിട്ടീഷുകാർ കൊളോണിയൽ ആധുനികതയിലൂടെ ഫ്യൂഡൽവ്യവസ്ഥക്ക് ഏൽപിച്ച ആഘാതവും പുതിയ സാമ്പത്തിക മാറ്റങ്ങളും, ജാതിവ്യവസ്ഥ, സംസ്കൃത ഭാഷാമേധാവിത്വം, തളി പാരമ്പര്യത്തിന്റെ മേൽക്കോയ്മ എന്നിവയെ പിഴുതുമാറ്റുകയും, ഇംഗ്ലീഷ് ഭാഷയും സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വാർത്താവിനിമയവും, ശാസ്ത്ര വിദ്യാഭ്യാസമടങ്ങുന്ന ഒരു ജനാധിപത്യശ്രമത്തെ ഉയർത്തിക്കൊണ്ടുവരികയും ചെയ്തു.

ജാതിവിരുദ്ധ സമരങ്ങൾ, ദേശീയ സമരം, സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങൾ മുതലായ സാമൂഹിക മുന്നേറ്റങ്ങളാണ് ഈ സംക്രമണത്തിന് കാരണമായി തീർന്നതെങ്കിലും ഇതിന്റെയൊക്കെ മുന്നണിപോരാളികളായി ഉയർന്നുവന്ന സവർണ മധ്യവർഗം തങ്ങളുടെ പാരമ്പര്യത്തെ കൊളോണിയൽ ആധുനികതയുമായി ഉദ്ഗ്രഥനം നടത്തി മലയാള സംസ്കാരത്തിന്റെ ബൗദ്ധികാവകാശം വീണ്ടും കൈയടക്കുകയായിരുന്നു. ആദ്യകാല എഴുത്തുകാരായ ഒ. ചന്തുമേനോൻ, അപ്പു നെടുങ്ങാടി, വേങ്ങയിൽ കുഞ്ഞിരാമൻ നായർ എന്നിവരൊക്കെ തന്നെ ഹൈന്ദവതയുടെയും സാമ്രാജ്യത്വോത്ഭവമായ നവ മുതലാളിത്തത്തിന്റെയും പ്രതിനിധികളായിരുന്നു.

ജാതിവിരുദ്ധ സമരങ്ങളിലൂടെ ഉയർന്നുവന്ന കുമാരനാശാനും, സഹോദരൻ അയ്യപ്പനുമടക്കമുള്ള കവികളാകട്ടെ അദ്വൈതം മുതലായ സവർണ ചിന്താധാരകളിൽ തങ്ങളുടെ പ്രാതിനിധ്യം കണ്ടെത്താൻ ശ്രമിച്ചതിനാൽ സാഹിത്യം അവർണരടക്കമുള്ള വലിയൊരു ഹൈന്ദവ പാരമ്പര്യമായി തീർന്നു.

ക്രിസ്ത്യൻ സമുദായത്തിൽപെട്ടവർ കൊളോണിയൽ അധികാരികളിൽനിന്നും കിട്ടിയ ആനുകൂല്യങ്ങളാൽ ഇംഗ്ലീഷ് പ്രാവീണ്യവും മലയാളി മിഷനറിമാർ രൂപപ്പെടുത്തിയ പുത്തൻ മലയാളവും പരിചയിച്ച് സാഹിത്യരംഗത്ത് മുന്നേറിക്കൊണ്ടിരുന്നു. കണ്ടത്തിൽ ചെറിയാൻ മാപ്പിള, സിസ്റ്റർ മേരി ബനീഞ്ജ മുതലായ ക്രിസ്ത്യൻ എഴുത്തുകാർക്ക് സമുദായത്തിനപ്പുറമുള്ള

ഒരു പൊതുമണ്ഡലം കിട്ടിയത് ഇങ്ങനെയാണ്. എന്നാൽ ഈ പുതിയ പൊതു സാഹിത്യ മണ്ഡലത്തിൽ മുസ്‌ലിം പ്രാതിനിധ്യം നഷ്ടപ്പെട്ടു പോകുകയാണ് ഉണ്ടായത്. അതിന് കാരണം ബഷീർ തന്നെ പറയുന്നു:

"മുസ്‌ലിംകൾ പൊതുവെ വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ താൽപര്യം കാണിച്ചിരുന്നില്ല. അർഥം അറിയാതെ ഖുർആൻ ഹൃദിസ്ഥമാക്കും, അർഥം അറിയാതെ നമസ്കരിക്കാനുള്ള വകയും പള്ളിയിൽ മുസ്‌ലിയാക്കന്മാർ നടത്തുന്ന രാപ്രസംഗങ്ങളിൽനിന്നുകിട്ടുന്ന അറിവുമാണ് അവർക്കുണ്ടായിരുന്നത്. ഈ അറിവുകൾ അധികവും കെട്ടുകഥകളായിരുന്നു" (*ഓർമയുടെ അറകൾ*, പേജ് 13).


"കാഫിറുകളുടെ ഭാഷ എന്ന നിലയിൽ മലയാളവും, വെള്ളക്കാരുടെ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷും മുസ്‌ലിംകൾക്ക് അതി വർജ്യമായിരുന്നു. വിദ്യാഭ്യാസത്തെയും വിജ്ഞാനത്തെയും പുരോഹിതന്മാർ വിലക്കുകയും സമുഹത്തിന്റെ അകത്തേക്ക് വെളിച്ചം കടന്നു വന്നതിനെ അവർ തടയുകയും ചെയ്തു" (*ബഷീർ ഓർമക്കുറിപ്പുകൾ*).

ഇത്തരം നിരക്ഷരതയുടേതായ ഒരു യുഗത്തിൽ ആധുനിക ജനാധിപത്യ ക്രമത്തിന്റെ ഭാഗമായി ഉണ്ടായ പുതിയ പൊതുമണ്ഡലത്തിൽ സാഹിത്യരംഗത്ത് മുസ്‌ലിം പ്രാതിനിധ്യം അസാധ്യമായിരുന്നു. എന്നാൽ സ്വന്തം മണ്ണിൽ ചവിട്ടിനിന്ന്, സ്വന്തം സാംസ്കാരിക ഭൂമികയിൽ അഭിമാനിക്കുന്ന ബഷീറിന്റെ ധീരതയിലൂടെ, മുസ്‌ലിം സാമുദായിക ജീവിതത്തെ ആവിഷ്കരിക്കുന്ന ഒട്ടേറെ സാഹിത്യ കൃതികൾ രൂപംകൊണ്ടു. മുസ്‌ലിം ജീവിതത്തിന്റെ പ്രാതിനിധ്യ സ്വഭാവമുള്ള ഗൗരവതരമായ ആദ്യത്തെ സാഹിത്യകൃതി വൈക്കം മുഹമ്മദ് ബഷീറിന്റെ *ബാല്യകാല സഖി*യായിരുന്നു. ആധുനിക സ്റ്റേറ്റ് എന്ന അർഥത്തിൽ രൂപപ്പെട്ട കേരളത്തിന്റെ പൊതു സാംസ്കാരിക മണ്ഡലത്തിലെ ആദ്യത്തെ മുസ്‌ലിം പ്രാതിനിധ്യവും അതിന്റെ മുഴുവൻ സൗന്ദര്യവുമായിരുന്നു വൈക്കം മുഹമ്മദ് ബഷീർ.

### ഇന്ത്യൻ പാരമ്പര്യ പ്രത്യയശാസ്ത്രത്തെ പ്രശ്നവൽക്കരിക്കുന്നു

ബഷീർ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കുന്ന കാലത്ത് സ്വാതന്ത്ര്യ സമര പോരാളികളിൽ ഏറിയപേരും ബ്രിട്ടീഷുകാർ കൊണ്ടുവന്ന കൊളോണിയൽ ആധുനിക അവബോധത്തിന്റെ ആരാധകരായിരുന്നു. ഇംഗ്ലീഷ് ഭാഷ, ശാസ്ത്രബോധം മുതലായ അന്നത്തെ പുരോഗമന സ്വഭാവങ്ങൾ ഉൾക്കൊണ്ട മധ്യവർഗമാണ് ദേശീയതയുടെയും സ്വരാജിന്റെയും വക്താക്കളായി ഉയർന്നു വന്നത്. ചന്തുമേനോന്റെ *ഇന്ദുലേഖ* എന്ന നോവലിലെ നായകനായ മാധവനും, ബങ്കിംചന്ദ്ര ചാറ്റർജിയുടെ പ്രശസ്ത നോവലായ *വന്ദേമാതര*ത്തിലെ നായകനും ഈ പുതിയ അവബോധത്തിന്റെ ഉത്തമമാതൃകകളായിരുന്നു. സവർണതയെ പുതിയ ലോകബോധത്താൽ നവീകരിച്ച ഈ ആശയസംഹിത തന്നെയായിരുന്നു സാഹിത്യത്തിലും പ്രാമാണികമായ പ്രത്യയശാസ്ത്ര രൂപമായി വർത്തിച്ചത്. എന്നാൽ മധ്യവർഗത്തിന്റെ ഈ പ്രാമാണിക വ്യാകരണം സ്വീകരിക്കാൻ ബഷീർ കൂട്ടാക്കിയില്ല. താൻ നിൽക്കുന്ന മണ്ണും താൻ ശ്വസിക്കുന്ന വായുവും തന്റെ സാംസ്കാരിക തനിമയുമായിരുന്നു അദ്ദേഹത്തിന് പ്രധാനം.

**ആധുനിക ജനാധിപത്യ ക്രമത്തിന്റെ ഭാഗമായി ഉണ്ടായ പുതിയ പൊതുമണ്ഡലത്തിൽ സാഹിത്യരംഗത്ത് മുസ്‌ലിം പ്രാതിനിധ്യം അസാധ്യമായിരുന്നു. എന്നാൽ സ്വന്തം മണ്ണിൽ ചവിട്ടിനിന്ന്, സ്വന്തം സാംസ്കാരിക ഭൂമികയിൽ അഭിമാനിക്കുന്ന ബഷീറിന്റെ ധീരതയിലൂടെ, മുസ്‌ലിം സാമുദായിക ജീവിതത്തെ ആവിഷ്കരിക്കുന്ന ഒട്ടേറെ സാഹിത്യ കൃതികൾ രൂപംകൊണ്ടു. മുസ്‌ലിം ജീവിതത്തിന്റെ പ്രാതിനിധ്യ സ്വഭാവമുള്ള ഗൗരവതരമായ ആദ്യത്തെ സാഹിത്യകൃതി വൈക്കം മുഹമ്മദ് ബഷീറിന്റെ *ബാല്യകാല സഖി*യായിരുന്നു.**



''നിന്റെ ആഹാരവും നിന്റെ വിശ്വാസവും നിനക്ക്, എന്റേത് എനിക്ക്. ഞാൻ ജനിച്ചു വളർന്ന, വിശ്വസിക്കുന്ന മതത്തെ പറ്റി എനിക്ക് അഭിമാനം തോന്നുന്നു. എന്റെ മാതാപിതാക്കളോട് തോന്നുന്നതു പോലെ'' (*ബഷീർ, സ്നേഹസൗരഭം, വിശ്വാസം* പേജ് 3).

താൻ *ബാല്യകാല സഖി*യുടെ ആദ്യവരികൾ എഴുതിയത് സി.വി രാമൻ പിള്ളയുടെ മാർത്താണ്ഡവർമ എന്ന നോവലിന്റെ സംസ്കൃത ബഹുലമായ ശൈലിയിലായിരുന്നെന്ന് ബഷീർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വളരെ പെട്ടെന്നു തന്നെ സാഹിത്യത്തിൽ പ്രതിഷ്ഠ നേടിയ അത്തരം പ്രാമാണിക ശൈലികൾ ബഷീർ ഉപേക്ഷിക്കുകയും തനിക്കു ചുറ്റുമുള്ള മനുഷ്യരുടെ സാധാരണ ഭാഷ ഉപയോഗിക്കുകയും ചെയ്തു. കഥാപാത്രങ്ങൾക്ക് മുസ്‌ലിം നാമധേയങ്ങൾ നൽകുകയും ഉപനയനം, മംഗല്യം മുതലായ സവർണ ചടങ്ങുകൾക്ക് പകരം മാർക്ക കല്യാണം, റാത്തീബ് മുതലായ പ്രാന്തവൽകൃത അനുഷ്ഠാനങ്ങൾ

ഭാഷയിൽ കൊണ്ടുവരികയും ചെയ്തു.

വ്യത്യസ്ത മാനങ്ങളിലും അർഥങ്ങളിലുമാണ് സവർണ-ആഢ്യ പാരമ്പര്യവുമായുള്ള ഏറ്റുമുട്ടൽ ബഷീറിന്റെ കൃതികളിൽ പ്രത്യക്ഷപ്പെടുന്നത്. ഹിന്ദു മിഥോളജികളിൽ അധിഷ്ഠിതമായ പ്രതീകക്രമത്തെയും ചിന്താവ്യവസ്ഥകളെയും തകർത്തുകൊണ്ട് ഗ്രാമ്യവും തനി നാടനുമായ വായ്മൊഴി പ്രാമുഖ്യമുള്ള ഒരു പുതിയ ഭാഷ ബഷീർ സൃഷ്ടിച്ചു.

സംസ്കൃതാഭിമുഖ്യമുള്ള വരമൊഴി സംസ്കാരത്തിനു പകരം പ്രാദേശികവും കീഴാള സ്വരൂപവുമായ വായ്മൊഴി ഭാഷയുടെ ശക്തി ബഷീർ നേടിയെടുത്തു. ഉപമകളും പ്രയോഗങ്ങളുമായി മലയാള ഭാഷയിൽ ഉണ്ടായിരുന്ന ഹിന്ദു മിഥോളജിക്കൽ ബിംബങ്ങളെയും പ്രതീകങ്ങളെയും ബഷീർ ഉപേക്ഷിക്കുകയും (ഉദാ. ധൃതരാഷ്ട്രാലിംഗനം, ഉർവശീ ശാപം ഉപകാരം) നാടനും, കാർണിവെൽ സ്വഭാവം പേറുന്നതുമായ ബുദ്ദൂസ്, കൊസ്രാകൊള്ളി മുതലായ പദങ്ങൾ കൊണ്ടുവരികയും ചെയ്തു.

മലയാള സാഹിത്യത്തിന്റെ അവിഭാജ്യ ഘടകമായി അന്നുവരെ നിലനിന്നിരുന്ന ഹിന്ദു മിഥോളജിയിൽനിന്നും ഒരു വാക്കുപോലും സ്വീകരിക്കാതിരുന്ന ബഷീർ പകരം മുസ്‌ലിം മിഥോളജിയോ മറ്റേതെങ്കിലും മിഥോളജിയോ അവിടെ പ്രതിസ്ഥാപിക്കാനും ശ്രമിച്ചില്ല. എല്ലാ സവർണ ഹൈന്ദവ രൂപങ്ങൾക്കും പകരം നാടൻ കഥകളുടെയും ജനകീയ നർമങ്ങളുടെയും ഒരു സമാന്തര സാഹിത്യലോകം അദ്ദേഹം മെനഞ്ഞെടുത്തു. ആനവാരിയും പൊൻകുരിശുമൊക്കെ അത്തരം ജനകീയ സമാന്തര രൂപങ്ങളായിരുന്നു.

ഉന്നതമായ ആദർശ മാതൃകകളും ദന്തഗോപുരവാസികളും ഉപേക്ഷിക്കപ്പെട്ടു. മുച്ചീട്ടുകളിയും മാർക്ക കല്യാണവും അടക്കാ കച്ചവടവുമൊക്കെ ഈ പുതുജന സംസ്കൃതിയിൽ ജീവിക്കുന്ന ബിംബാവലികളായി പ്രത്യക്ഷപ്പെട്ടു.

സവർണതയുടെ പ്രാമുഖ്യം പേറിനിന്ന മലയാള സാഹിത്യത്തിൽനിന്നും ആശയപരമായും ബൗദ്ധികപരമായും സ്വയം മോചിപ്പിച്ച ബഷീറിന്റെ പിന്നീടുള്ള യത്നം മാമൂലുകളിലും അന്ധവിശ്വാസങ്ങളിലും ആണ്ടുകിടക്കുന്ന മുസ്‌ലിം സമുദായത്തെ തട്ടിയുണർത്താനായിരുന്നു. അനുചിതമായ ബഹുഭാര്യാത്വം, പുരോഹിതന്മാരുടെ തൻപ്രമാണിത്തം, നിരക്ഷരത എന്നിങ്ങനെ മുസ്‌ലിം സമുദായത്തിൽ പടർന്നു പന്തലിച്ചിരുന്ന എല്ലാ അന്ധകാരങ്ങളെയും ബഷീർ കൃതികളിലൂടെ തീക്ഷ്ണമായി വിമർശിക്കുകയും അവയിലേക്ക് സമകാലീനതയുടെ പുതുവെളിച്ചം പ്രസരിപ്പിക്കുകയും ചെയ്തു. ഇതിന്റെ ഫലമാണ് *ന്റുപ്പൂപ്പാക്കൊരാനണ്ടാർന്ന്* എന്ന നോവലും മറ്റനേകം ചെറുകഥകളും.

എന്നാൽ അന്തിമ വിശകലനത്തിൽ ഈ നോവലുകളിലെ പ്രത്യയശാസ്ത്ര പരിസരം യൂറോപ്യൻ ആധുനികതയുമായി കണ്ണിചേരുന്ന ചന്തുമേനോന്റെയോ അപ്പു നെടുങ്ങാടിയുടെയോ നോവലിലെ പോലെയായിരുന്നില്ല, പകരം ചരാചര പ്രേമത്തിലും വിശ്വസാഹോദര്യത്തിലും ജീവിതത്തിന്റെ മഹത്വത്തിലുമായിരുന്നു അവ ഊന്നിനിന്നത്.

**തന്നിലുള്ള ദൈവിക ബോധത്തെ മാനുഷികവൽക്കരിക്കാനും നൂറ്റാണ്ടുകൾക്ക് മുമ്പ് ചലനമറ്റുപോയ ആചാരക്രമങ്ങളിൽ അതിനെ തടവിലിടാതെ ആധുനിക ജീവിത പരിസരത്തിലേക്ക് ആനയിക്കാനും ബഷീറിനെ സഹായിച്ചത് യൂറോപ്യൻ സാഹിത്യവുമായുള്ള പരിചയവും സൂഫിസത്തിലുള്ള താൽപര്യവും ആയിരുന്നു.**

കുളത്തിലെ അട്ടകളോടും തോട്ടത്തിലെ പക്ഷികളോടും പ്രപഞ്ച സമുദായത്തിലെ സഹോദരങ്ങൾ എന്ന നിലയിൽ പെരുമാറുന്ന കുഞ്ഞാമിന (*ന്റുപ്പൂപ്പാക്കൊരാനണ്ടാർന്ന്*) ഈ ചരാചര പ്രേമത്തിന്റെ ശക്തിയുറ്റ പ്രതീകമാണ്. അന്ധവിശ്വാസത്തിലും അന്ധകാരത്തിലും ഉഴറിയിരുന്ന മുസ്‌ലിം സമുദായത്തിന് ഉണർത്തുപാട്ടായി മാറിയ ഈ നോവലിലെ നായകൻ നിസാർ അഹമ്മദ് അക്കാലത്തെ മുസ്‌ലിം നവോത്ഥാന നായകരായിരുന്ന സർ സയ്യിദ് അഹ്മദ് ഖാൻ, വക്കം മൗലവി എന്നിവരുടെ പ്രതിരൂപവും ആയിരുന്നു. എന്നാൽ ആധുനിക കാലത്തോടൊപ്പം സഞ്ചരിക്കാൻ മുസ്‌ലിം സമുദായത്തോട് വിളംബരം ചെയ്യുന്ന ഈ കൃതിയുടെ പ്രത്യയശാസ്ത്ര അവബോധം മതചിന്തകളിൽ കാണുന്നതുപോലെ സഹകരണ ബോധത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു 'വിശാല മാനവിക കുടുംബം' എന്ന സങ്കൽപമാണ് മുന്നോട്ടു വെക്കുന്നത്. ഹിംസരൂപിയായ ശാസ്ത്ര സാങ്കേതികവിദ്യ, ധാർമിക മൂല്യങ്ങളോട് പുറംതിരിഞ്ഞു നിൽക്കുന്ന ഭൗതിക പുരോഗതി എന്നിവക്കു പകരം മത തത്ത്വചിന്തകളിൽ കാണുന്ന ഇത്തരം സ്നേഹ സങ്കൽപത്തിനും ഉന്നത മൂല്യവിചാരത്തിനുമൊപ്പം, ഒരു ബഹുസ്വര സമൂഹത്തിൽ മറ്റു സമുദായങ്ങൾക്കൊപ്പം സഹവർത്തിത്വം പുലർത്തി ജീവിക്കാൻ ഈ കൃതികൾ ആഹ്വാനം ചെയ്യുന്നു.

ഒരേസമയം പൗരോഹിത്യത്തിലും കാലികമായ അനുഭവങ്ങളോടുള്ള അനാസ്ഥയിലും മുഴുകിയിരുന്ന തന്റെ സമുദായത്തെ തട്ടിയുണർത്തി ആധുനിക ജനാധിപത്യ ക്രമത്തിൽ പങ്കാളികളാകാൻ ക്ഷണിക്കുക മാത്രമല്ല അദ്ദേഹം ചെയ്തത്; അന്ന് സാഹിത്യലോകത്ത് നിലനിന്നിരുന്ന കമ്യൂണിസം പോലുള്ള നിരീശ്വരതത്ത്വസംഹിതകളെയും അസ്തിത്വവാദം പോലുള്ള ശൂന്യതാവാദങ്ങളെയും നിരസിച്ചുകൊണ്ടും, മതചിന്തകളിൽ ഊറിക്കിടക്കുന്ന ഉന്നത ധാർമിക മൂല്യങ്ങളെയും പ്രാപഞ്ചിക ഐക്യത്തെയും ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടുമാണ് ബഷീർ തന്റെ മതസ്വത്വത്തെ മലയാള സാഹിത്യത്തിന്റെ പരിവർത്തന ദശയിൽ അടയാളപ്പെടുത്തിയത്. ഇതിന് അദ്ദേഹത്തിന് സാധിച്ചത് അടിയുറച്ച ദൈവവിശ്വാസംകൊണ്ടും, മതചിന്തകളിൽ തന്നെ വേരുള്ള തികച്ചും വിപ്ലവകരമായ ഒരു പുതു ആത്മീയത കൊണ്ടുമായിരുന്നു. മിസ്റ്റിസിസമെന്നോ സ്വൂഫിസമെന്നോ വേണമെങ്കിൽ പേരിട്ടുവിളിക്കാവുന്ന ഈ ആത്മീയത പക്ഷേ, ഈ സംജ്ഞകളിൽ പരിനിഷ്ഠമായി ഒതുങ്ങുന്നതായിരുന്നില്ല.

## ബഷീർ കൃതികളിലെ ആത്മീയത

നിസ്വമെന്ന് മറ്റുള്ളവർ കരുതുന്നുവെങ്കിലും തന്റെ പാരമ്പര്യത്തെയും താൻ ചവിട്ടിനിൽക്കുന്ന മണ്ണിനെയും സ്വയം അംഗീകരിക്കാനും അതിന്റെ ഇത്തിരിവെട്ടത്തിൽനിന്ന് സ്വാഭിമാനം തന്റെ മൗലികത സൂക്ഷിക്കാനുമാണ് തന്റെ കൗമാരാരംഭത്തിൽ ബഷീർ ശ്രമിച്ചത്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാനായി വീട്ടിൽനിന്നും കോഴിക്കോട് കടപ്പുറത്തെ ഉപ്പുസത്യാഗ്രഹത്തിലേക്ക് ഒളിച്ചോടിയ ബഷീറിനെ കണ്ടിട്ട്, സമര പന്ത

ലിന് കാവൽ നിൽക്കുന്ന സന്നദ്ധ ഭടൻ 'തന്റെ മുഖം മുസൽമാന്റെ പോലെ തോന്നുന്നില്ല' എന്ന് പറയുന്നു (*ഓർമ ക്കുറിപ്പ്*, പേജ് 9),

തന്റെ ഗ്രാമമായ തലയോലപ്പറമ്പിലെ മുസ്‌ലിം ജനസാമാന്യത്തിൽനിന്ന് താനെങ്കിലും സാമൂഹിക മാറ്റത്തിനു വേണ്ടിയുള്ള ദേശീയ സമരത്തിൽ പങ്കെടുക്കണമെന്ന് മോഹിച്ചതായി ബഷീർ അനുസ്മരിക്കുന്നു. തന്റെ കുടുസ്സായ ജീവിത പരിതസ്ഥിതികളിൽനിന്നും, മതപശ്ചാത്തലത്തിൽനിന്നും അങ്ങനെ ബഷീർ ഇന്ത്യയുടെ പ്രക്ഷുബ്ധമായ കാലഘട്ടത്തിലേക്കും പ്രത്യുത അതിന്റെ വൈവിധ്യമാർന്ന അനുഭവങ്ങളിലേക്കും അനേകം അതുല്യരായ വ്യക്തികളിലേക്കും എത്തിച്ചേരുകയാണുണ്ടായത്. അങ്ങനെ ബഷീർ ജീവിതത്തിന്റെ അനവദ്യ സങ്കീർണതകളിലേക്കും പുതിയ ദാർശനിക പ്രതിസന്ധികളിലേക്കും വികസിക്കുകയായിരുന്നു.


തന്റെ ഈ പുതിയ അനുഭവ മേഖലകൾ ബഷീറിന് സമ്മാനിച്ചത് അതിബൃഹത്തും അതിസങ്കീർണവുമായ മാറുന്ന ലോകത്തിന്റെ ചലനാത്മകതയായിരുന്നു. അതുകൊണ്ടാണ് തന്റെ അഭിമുഖ സംഭാഷണങ്ങളിൽ ആയിരംവട്ടം മതത്തെയും ആത്മീയതയെയും പ്രകീർത്തിക്കുമ്പോഴും അദ്ദേഹം വെറുമൊരു ഭക്തസാഹിത്യകാരനോ, സമുദായ സാഹിത്യകാരനോ മാത്രമായി മാറിപോവാതിരുന്നത്. തികച്ചും പരിമിതമായ മേഖലയിൽമാത്രം സാഹിത്യോൽപാദനം നടത്തുന്ന സാമുദായിക സാഹിത്യകാരൻമാർക്കപ്പുറം ആധുനികാനുഭവങ്ങളെ തന്റെ സർഗരചനയുടെ ഇന്ധനമാക്കുകയാണ് അദ്ദേഹം ചെയ്തത്.

ആധുനിക ഭാവുകത്വത്തിന്റെ ഉൽഘോഷകരിലൊരാളും പ്രശസ്ത ജർമൻ കവിയുമായ റെയ്നർ മറിയ റിൽക്കെ തന്റെ ഡയറിക്കുറിപ്പുകളിൽ, ജനങ്ങൾ ചിന്തിക്കുംപോലെ തന്റെ സാഹിത്യരൂപം വെറും വികാരമല്ലെന്നും പ്രത്യുത അനുഭവം തന്നെയാണെന്നും കുറിച്ചിടുന്നുണ്ട്. ഒരു ചെറിയ സാഹിത്യ സൃഷ്ടിക്കുവേണ്ടി നിങ്ങൾ ഒരുപാടു നഗരങ്ങൾ നടന്നു കാണണമെന്നും ഒരുപാടു ജനങ്ങളെയും വസ്തുക്കളെയും പരിചയിക്കണമെന്നും മൃഗജാലങ്ങളെ അടുത്തറിയണമെന്നും പറവകൾ പറക്കുന്നത് സ്വയമനുഭവിക്കണമെന്നും റിൽക്കേ പറയുന്നു. തെരുവിലെ അറിയപ്പെടാത്ത അയൽപക്കങ്ങളെ പറ്റി വീണ്ടും വീണ്ടും ചിന്തിക്കാൻ തയാറാകണമെന്നും റിൽക്കെ ഓർമപ്പെടുത്തുന്നു.

റിൽക്കെയുടെ ഈ വരികൾ പോലെയായിരുന്നു ബഷീറിന്റെ ജീവിതം. അനുഭവങ്ങളിലൂടെ ജീവിതത്തിന്റെ പൊരുൾ നേടാനും തികച്ചും ആന്തരികമായ അന്തർബോധത്തിലൂടെ ജീവിതത്തിന്റെ സത്യം കണ്ടെത്താനുമുള്ള ഒരു യജ്ഞമായിരുന്നു ബഷീറിന്റെ ജീവിതവും സാഹിത്യവും. ചെറിയ പ്രായത്തിലേ അദ്ദേഹം നാടുവിടുകയും കൈനോട്ടക്കാരനാവുകയും മജീഷ്യനായും ഭിക്ഷാടകനായും ഇന്ത്യൻ ഉപഭൂഖണ്ഡത്തിലും അറേബ്യൻ തീരത്തുമൊക്കെ എത്തിചേരുകയും ചെയ്തു.

ഈ അനുഭവങ്ങൾ ജീവിതം എന്ന രഹസ്യത്തെക്കുറിച്ചും മനുഷ്യൻ എന്ന രഹസ്യത്തെക്കുറിച്ചും ബഷീറിന് പുതിയ വെളിപാടുകൾ നൽകി. ഒന്നിനെയും ചോദ്യം ചെയ്യാതിരിക്കുകയും എല്ലാറ്റിനോടും രാജിയാകുകയും ചെയ്യുന്ന മനുഷ്യന്റെ വിധേയത്വ പ്രവണതയെയാണ് സ്ഥാപനവൽകൃത മതങ്ങൾ പലപ്പോഴും സന്മാർഗമായും, ദൈവപ്രോക്ത ധാർമികതയായുമൊക്കെ അവതരിപ്പിക്കുന്നതെന്ന് അദ്ദേഹം വേഗം തിരിച്ചറിഞ്ഞു. മനുഷ്യ പ്രവർത്തികളെ പുണ്യവും പാപവുമാക്കി, വെളിച്ചവും ഇരുളും പോലെ വേർതിരിച്ച് ലഘുമാത്രമായ വേദ സൂക്തങ്ങളിൽ ഒതുക്കാവുന്ന രീതിയിൽ ലളിതമല്ല ജീവിതത്തിന്റെ അർഥവും ഉത്തരവുമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ജീവിത സാഹചര്യങ്ങളുടെ സമ്മർദത്താൽ പ്രകാശം നഷ്ടപ്പെട്ടവരും പാപികളും കുറ്റവാളികളും സന്മാർഗത്തിന്റെ ചതുരക്കള്ളികൾക്കപ്പുറം ഉണ്ടെന്ന് ബഷീർ വിശ്വസിച്ചു. ഇവരിൽ പലർക്കും അന്വേഷിച്ചു ചെല്ലുമ്പോൾ വിശുദ്ധിയുടെ പരിവേഷം കൈവരുന്നതായും അദ്ദേഹം ഞെട്ടലോടെ തിരിച്ചറിഞ്ഞു. മനുഷ്യജീവിതത്തിന്റെ വിപ്ലവാ

**തന്റെ ഈ പുതിയ അനുഭവ മേഖലകൾ ബഷീറിന് സമ്മാനിച്ചത് അതിബൃഹത്തും അതിസങ്കീർണവുമായ മാറുന്ന ലോകത്തിന്റെ ചലനാത്മകതയായിരുന്നു. അതുകൊണ്ടാണ് തന്റെ അഭിമുഖ സംഭാഷണങ്ങളിൽ ആയിരംവട്ടം മതത്തെയും ആത്മീയതയെയും പ്രകീർത്തിക്കുമ്പോഴും അദ്ദേഹം വെറുമൊരു ഭക്തസാഹിത്യകാരനോ, സമുദായ സാഹിത്യകാരനോ മാത്രമായി മാറിപോവാതിരുന്നത്. തികച്ചും പരിമിതമായ മേഖലയിൽമാത്രം സാഹിത്യോൽപാദനം നടത്തുന്ന സാമുദായിക സാഹിത്യകാരൻമാർക്കപ്പുറം ആധുനികാനുഭവങ്ങളെ തന്റെ സർഗരചനയുടെ ഇന്ധനമാക്കുകയാണ് അദ്ദേഹം ചെയ്തത്.**



ത്മകതയെയും മാറ്റത്തിനുള്ള ത്വരയെയും കഴുത്തു ഞെരിച്ച് നശിപ്പിച്ച് അധികാര ബന്ധിതവും യാഥാസ്ഥികവുമായി വർത്തിക്കുന്ന സ്ഥാപനവത്കൃത മതത്തിനെതിരെയുള്ള കലാപമായിട്ടാണ് ബഷീറിൽ വിപ്ലവകരമായ ഒരു 'പുതു ആത്മീയത' രൂപമെടുക്കുന്നത്.

യൂറോപ്യൻ കൊളോണിയലിസത്തോടൊപ്പം ക്രിസ്ത്യൻ മിഷനറിമാരും, ഹിന്ദുമതത്തോടൊപ്പം ബ്രാഹ്മണാധിഷ്ഠിതമായ ചാതുർവർണ്യവും, ഇസ്‌ലാം മതത്തോടൊപ്പം സുൽത്താന്മാരും നവാബുമാരും, അവർക്കുവേണ്ടി ഫത്‌വകൾ പുറപ്പെടുവിക്കുന്ന മതപണ്ഡിതരും പരസ്പരം കൈകോർത്തുകൊണ്ട്, ചൂഷകന്റെയും അധികാരിയുടെയും ബാന്ധവമൂർത്തിയായിട്ടാണ് ചരിത്രത്തിൽ സ്ഥാപനവൽകൃത മതങ്ങൾ എന്നും പ്രവർത്തിച്ചത്. എന്നാൽ സ്ഥാപനവൽകൃത മതത്തിന്റെ ഈ വിമാനുഷിക പ്രത്യയശാസ്ത്രത്തോടൊപ്പം മതത്തിന്റെതന്നെ വിപ്ലവകരവും മാനവികവുമായ വേറൊരു സ്വരവും ചരിത്രത്തിൽ നാം കേൾക്കുന്നു.

അവർണരോടും പീഡിതരോടും കൈകോർക്കുകയും, പ്രപഞ്ചത്തിലെ ഓരോ അണുക്കളിലേക്കും സ്നേഹത്തിന്റെ വാതിൽ തുറന്നിടുകയും ചെയ്യുന്ന മറ്റൊരു ആത്മീയധാരയാണത്. കബീർ, തുളസിദാസ്, തുക്കാറാം മുതലായ ഭക്തിപ്രസ്ഥാനക്കാരിലും, മദർതെരേസ, ഫാദർ ഡാമിയൻ മുതലായ സാമൂഹിക സേവകരിലും, ഏകാധിപതികളോടും സാമ്രാജ്യത്വശക്തികളോടും ഏറ്റുമുട്ടിയ അനേകം സൂഫിവര്യൻമാരിലും ഈ ആത്മീയധാരയുടെ നിദർശനങ്ങളാണ് നമുക്ക് കാണാൻ കഴിയുന്നത്. സ്നേഹോദാരവും വിമോചനാശയങ്ങൾ പേറുന്നതുമായ ഈ ആത്മീയധാരയാണ് ബഷീർ കൃതികളിലൂടെ അനർഗളം ഒഴുകുന്നത്.

'ജീവിത നിഴൽപ്പാടുകൾ' എന്ന ബഷീറിന്റെ ലഘുനോവൽ, നമ്മുടെ സാമ്പ്രദായിക മൂല്യസങ്കൽപങ്ങളെ ഞെട്ടിപ്പിക്കുന്നതും നാം ആത്യന്തിക സത്യങ്ങളായി കരുതുന്ന സദാചാര മൂല്യങ്ങളെ നിരന്തരം പരിശോധിക്കാൻ ആവശ്യപ്പെടുന്നതുമാണ്.

ഈ കൃതിയിലെ നായകനായ അബ്ബാസ് ധനികനും ആഢംബരപ്രിയനും ധൂർത്തനുമാണ്. ജീവിതം ആഘോഷിക്കാൻ സർവ ഭൂഷകളോടും കൂടി നഗരത്തിൽ ജഡ്ക വണ്ടിയിലെത്തുന്ന അബ്ബാസ് ഏതാനും നാളുകൾക്കുള്ളിൽ തന്റെ ധൂർത്തുകൊണ്ട് നിർധനനായി തെരുവിലേക്ക് വലിച്ചെറിയപ്പെടുന്നു. കുടുംബവും ഭരണകൂടവും മതസ്ഥാപനങ്ങളും അയാളെ തങ്ങളിൽനിന്നും ചവിട്ടി പുറത്താക്കുന്നു. മരണത്തിലേക്ക് കൂപ്പുകുത്തുന്ന അബ്ബാസിന് അവസാനം ജീവിതത്തിന്റെ ചെറിയ ഒരു തുരുത്തെങ്കിലും നൽകാൻ തയാറാകുന്നത് ഒരു സ്ത്രീ ലൈംഗിക തൊഴിലാളിയാണ്. കരുണയും സാന്ത്വനവും അബ്ബാസിനുവേണ്ടി ഈ ലോകത്ത് ആകെ അവശേഷിച്ചത് ഈ പിഴച്ച സ്ത്രീയിലൂടെയാണ്. നിലനിൽക്കുന്ന എല്ലാ സദാചാര സങ്കൽപങ്ങളെയും തകർക്കുന്ന ഈ കൃതി നാം സദാചാരമെന്ന് കൽപിക്കുന്നത് പലപ്പോഴും മായികമായ ഒരുതരം കാപട്യമാണെന്നും പലപ്പോഴും സമൂഹം പുറത്താക്കിയ അഭിസാരികമാരിലും കള്ളന്മാരിലുമൊക്കെ നന്മയുടെയും കാരുണ്യത്തിന്റെയും അംശങ്ങളുണ്ടെന്നും വിളിച്ചു പറയുന്നു.

**സാഹിത്യലോകത്ത് നിലനിന്നിരുന്ന കമ്യൂണിസം പോലുള്ള നിരീശ്വരതത്ത്വസംഹിതകളെയും അസ്തിത്വവാദം പോലുള്ള ശൂന്യതാവാദങ്ങളെയും നിരസിച്ചുകൊണ്ടും, മതചിന്തകളിൽ ഊറിക്കിടക്കുന്ന ഉന്നത ധാർമിക മൂല്യങ്ങളെയും പ്രാപഞ്ചിക ഐക്യത്തെയും ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടുമാണ് ബഷീർ തന്റെ മതസ്വത്വത്തെ മലയാള സാഹിത്യത്തിന്റെ പരിവർത്തന ദശയിൽ അടയാളപ്പെടുത്തിയത്. ഇതിന് അദ്ദേഹത്തിന് സാധിച്ചത് അടിയുറച്ച ദൈവവിശ്വാസംകൊണ്ടും, മതചിന്തകളിൽ തന്നെ വേരുള്ള തികച്ചും വിപ്ലവകരമായ ഒരു പുതു ആത്മീയത കൊണ്ടുമായിരുന്നു.**

അതേ രീതിയിൽ തന്നെയുള്ളതാണ് ബഷീറിന്റെ ഏറെ പ്രകീർത്തിക്കപ്പെട്ട 'ഒരു മനുഷ്യൻ' എന്ന കഥയും. ആ കഥയിൽ പർവതസാനുക്കളിലുള്ള ഒരു രാജ്യത്ത് ക്രൂരരായ ജനങ്ങൾ അധിവസിക്കുന്ന ഒരിടത്ത്, കഥാനായകൻ ഒരു ഹോട്ടലിൽ കയറി ചായകുടിക്കുന്നു. ബില്ലടക്കാൻ നേരത്ത് തന്റെ പേഴ്സ് പോക്കറ്റടിക്കപ്പെട്ടതായി അറിയുന്നു. ഹോട്ടലുടമ കഥാനായകനെ നഗ്നനാക്കി നിറുത്തി വിചാരണ ചെയ്യാൻ തയാറെടുക്കുമ്പോൾ അജ്ഞാതനായ ഒരാൾ അവിടെ വന്ന് കഥാനായകനെ കൂട്ടിക്കൊണ്ടുപോയി കാണാതെ പോയ പേഴ്സ് തിരിച്ചേൽപ്പിക്കുന്നു. കഥാനായകന്റെ ദാരുണമായ അവസ്ഥ കണ്ട് കാരുണ്യം തോന്നിയ ആ പോക്കറ്റടിക്കാരനെ പിന്നെ അവിടെയെങ്ങും കാണാൻ കഴിയുന്നില്ല.

ഈ കൃതികളിലൂടെയെല്ലാം നമ്മുടെ സമൂഹത്തിൽ സ്ഥിരകൃതമായ സദാചാര സങ്കൽപത്തിന്റെയും മാന്യതയുടെയും സാംഗത്യത്തെ പരിശോധിക്കുകയാണ് ബഷീർ. എല്ലാ മഹാസാഹിത്യകാരന്മാരും ചെയ്തതുപോലെ ജീവിതത്തെ ചില ലളിത സൂത്രവാക്യങ്ങളിൽ ബന്ധിപ്പിച്ച് അവതരിപ്പിക്കുന്ന പ്രത്യയശാസ്ത്രങ്ങളുടെയും സ്ഥാപനവൽകൃത മതങ്ങളുടെയും ഗണിതയുക്തികളെ ബഷീർ തകർത്തെറിയുകയും ജീവിതത്തിന്റെ പച്ചയായ സങ്കീർണതകളും പ്രഹേളികളും നമുക്ക് മുൻപിൽ അനാവരണം ചെയ്യുകയും ചെയ്യുന്നു. തന്നിലുള്ള ദൈവിക ബോധത്തെ മാനുഷിക വൽക്കരിക്കാനും നൂറ്റാണ്ടുകൾക്ക് മുമ്പ് ചലനമറ്റുപോയ ആചാരക്രമങ്ങളിൽ അതിനെ തടവിലിടാതെ ആധുനിക ജീവിത പരിസരത്തിലേക്ക് ആനയിക്കാനും ബഷീറിനെ സഹായിച്ചത് യൂറോപ്യൻ സാഹിത്യവുമായുള്ള പരിചയവും സൂഫിസത്തിലുള്ള താൽപര്യവും ആയിരുന്നു. ■

(തുടരും)